പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2455

09.03.2018 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ. കോഴ്സുകൾ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| കേരളത്തിലെ ഐ.ടി.ഐ.കളിലെ കോഴ്സുകൾ കാലഘട്ടത്തിനനുസൃതമായി നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഈ സർക്കാർ വന്നതിനുശേഷം ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | ഐ.ടി.ഐ കളിൽ നിലവിലുള്ള കോഴ്സുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലാണ് (CTS) നടത്തപ്പെടുന്നത്. ടി സ്കീമിനു കീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസ്സുകളും തയ്യാറാക്കുന്നതും, കാലോചിതമായി പരിഷ്കരിക്കുന്നതും ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തൊഴിൽ സാധ്യത കുറഞ്ഞ 129 ട്രേഡുകളിലെ 271 യൂണിറ്റുകൾ നിർത്തലാക്കി പകരം തൊഴിൽ സാധ്യത കൂടിയ 51 ട്രേഡുകളിലായി 271 യൂണിറ്റുകൾ ആരംഭിയ്ക്കുന്നതിന് ഉത്തരവാകുകയും ടി ട്രേഡുകളിൽ പരിശീലനം ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ